(എഫ്)കെട്ടിട നിർമ്മാണ ലൈസൻസിന്റെ കാലാവധിയുടെ കാര്യത്തിലും വൈരുദ്ധ്യവും പ്രായോഗികതയും ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ചട്ടങ്ങളിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിടങ്ങളുടെ അത്യാവശ്യ അറ്റകുറ്റപ്പണികളെ സംബന്ധിച്ചുള്ളതാണ് കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിലെ ചട്ടം 4. ഇതിന്റെ 2-ാം ഉപചട്ടത്തിന്റെ 1-ാം ക്ലിപ്ത നിബന്ധന കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പിന് വിരുദ്ധമല്ല.

(സി) ചട്ടം 24(11) ഇതൊരു ചട്ടത്തിനും വിരുദ്ധമല്ല.

(ഡി) ഇതിൽ അപാകതയൊന്നുമില്ല.

(ഇ) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ബാധകമായ എല്ലാ സ്ഥലങ്ങളിലും ഏതു തരത്തിലുള്ള കെട്ടിടവും പണിയുവാൻ ആവശ്യമായ വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾക്കൊണ്ടിട്ടുണ്ട്.

(എഫ്)ഇല്ല.

(ജി) ചട്ടങ്ങളിൽ ആവശ്യമായമാറ്റങ്ങൾ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

119 (699) ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എതിരെയുള്ള കോടതി വിധി റദ്ദാക്കാൻ നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നൽകി വരുന്ന സർക്കാർ അനുമതിക്കെതിരെയുള്ള കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോടതി വിധിമൂലം ധാരാളം അപേക്ഷകൾ തീർപ്പ് കൽപിക്കുവാനാകാതെ ടൗൺ പ്ലാനിംഗ് ആഫീസുകളിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ വിധി റദ്ദാക്കി കിട്ടാൻ എന്തെങ്കിലും മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത കോർപ്പറേഷനുകളിൽ മൂന്ന് സെന്റ് സ്ഥലം മാത്രമുള്ളവർക്ക് താമസിക്കുവാൻ ഇരുനില വീട് നിർമ്മിക്കുവാൻ അനുമതി നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത നഗരങ്ങളിൽ ബഹുനില മന്ദിരങ്ങൾക്ക് ചുറ്റും ഏറ്റവും കുറഞ്ഞ തുറസ്സായ സ്ഥലം വിടുന്നതിനെയും കാർപാർക്ക് ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുള്ള സ്ഥലത്തെ സംബന്ധിച്ചും സർക്കാർ ഇളവുകൾ അനുവദിക്കുന്നതിനാണ് കോടതിയുടെ താൽക്കാലിക നിരോധനം.

(ബി) ഉണ്ട്.

(സി) താൽക്കാലിക നിരോധന ഉത്തരവായതുകൊണ്ടും പാർക്കിംഗ് സൗകര്യം, തുറസ്സായ സ്ഥലം എന്നിവയുടെ കാര്യത്തിൽ ഇളവനുവദിക്കാതിരിക്കലാണ് നല്ലതെന്നതുകൊണ്ടും. അപ്പീൽ ബോധിപ്പിക്കേണ്ടതില്ല എന്നാണ് അഡ്വക്കേറ്റ് ജനറൽ സർക്കാരിന് ശുപാർശ ചെയ്തിരിക്കുന്നത്.

(ഡി) ഇരുനില വീട് നിർമ്മിക്കുവാൻ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി അനുമതി നൽകി വരുന്നുണ്ട്.

120 (700) പഞ്ചായത്തുതലത്തിലെ കമ്പ്യൂട്ടർവൽക്കരണം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയിലെ കൂടുതൽ ഉത്തരവാദിത്വങ്ങൾ കണക്കിലെടുത്ത് പഞ്ചായത്തുകളിലെ തസ്തികകളിൽ മാറ്റം വരുത്തുവാൻ പദ്ധതിയുണ്ടോ;

(ബി) പഞ്ചായത്തുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിലൂടെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം ആവശ്യത്തിലും അധികമാവുമോ; എങ്കിൽ എത്രപേരെന്നും അവരെ എപ്രകാരം ഡിപ്ലോയ് ചെയ്യുമെന്നും വ്യക്തമാക്കുമോ;

(സി) പഞ്ചായത്തുകളിലെ ജീവനക്കാർക്ക് കമ്പ്യൂട്ടർപരിജ്ഞാനം നൽകുന്നുണ്ടോ; എങ്കിൽ ഇതിലേക്ക് ഏതെങ്കിലും അംഗീകൃത സ്ഥാപനങ്ങളുമായി കരാറുണ്ടാക്കി ജീവനക്കാർക്ക് പരിശീലനം നൽകാനും ഒപ്പം അംഗീകൃത സർട്ടിഫിക്കറ്റുകൾ നൽകാനുമുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്.

(ബി) ജീവനക്കാരുടെ എണ്ണം ആവശ്യത്തിലധികമാകുമെന്നു കരുതുന്നില്ല.

(സി) ഇൻഫർമേഷൻ കേരളാ മിഷന്റെ ഭാഗമായി പഞ്ചായത്ത് ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. ഒരു പഞ്ചായത്തിൽ നിന്നും രണ്ട് ജീവനക്കാർക്ക് വീതം 25 ദിവസത്തെ പ്രായോഗിക പരിശീലനമാണ് നൽകുക. അതിനുപുറമേ പഞ്ചായത്ത് സെക്രട്ടറിമാർക്ക് 10 ദിവസത്തെ പരിശീലനവും നൽകുന്നതാണ്.

121 (701) ഗ്രാമ പഞ്ചായത്തുകളിൽ ഓവർസിയർ നിയമനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഓവർസിയർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly